പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3670 — 10.4.2013-ൽ മറുപടിക്ക്

## ശുചിത്വമിഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ<br>,, എം. എ. വാഹീദ്<br>,, ലൂഡി ലൂയിസ്<br>,, എ. പി. അബ്ദുള്ളക്കുട്ടി | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| എ) ശുചിത്വമിഷന്റെ ഉദ്ദേശലക്ഷ്യങ്ങളും പ്രവർത്തനങ്ങളും എന്തൊക്കെയാണ്; വിശദമാക്കുമോ; | എ) സംസ്ഥാനത്ത് ഇടയ്ക്കിടെ ഉണ്ടാകുന്ന പകർച്ചവ്യാധികളുടെ വ്യാപനം തടയുന്നതിനും, സാമൂഹ്യ ശുചിത്വം നിലനിർത്തുന്നതിന് അനിവാര്യമായി ഉണ്ടായിരിക്കേണ്ട ഖര-ദ്രവമാലിന്യ പരിപാലനത്തിൽ മതിയായ സൗകര്യങ്ങൾ ഇല്ലായ്മയും, കണക്കിലെടുത്ത് സംസ്ഥാനത്തെ ഒരു സമ്പൂർണ്ണ ശുചിത്വ പ്രദേശമാക്കി മാറ്റുക എന്ന ലക്ഷ്യത്തിലാണ് മാലിന്യമുക്ത കേരളം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചത്. 2006 ഒക്ടോബറിൽ 'മാലിന്യമുക്ത കേരളം' എന്ന പരിപാടി നടപ്പിലാക്കി തുടങ്ങി. 11-ാം പഞ്ചവൽസര പദ്ധതിയുടെ അവസാനത്തോടെ കേരളത്തെ മാലിന്യമുക്ത സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യം വെച്ചുകൊണ്ട് 2007 നവംബർ ഒന്നിന് ആരാധ്യയായ ഇന്ത്യൻ പ്രസിഡന്റ് സമയബന്ധിതമായി നടപ്പിലാക്കേണ്ട കർമ്മപദ്ധതികൾ പ്രകാശനം ചെയ്തിരുന്നു. ആയത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റ് ബന്ധപ്പെട്ട ഏജൻസികളുടെയും കൂട്ടായ പരിശ്രമത്താൽ നടപ്പിലാക്കി വരുന്നു. മാലിന്യമുക്ത കേരളം പരിപാടിയുടെ പ്രവർത്തനങ്ങൾ സമയബന്ധിതമായി നിർവ്വഹിക്കുന്നതിന് സമ്പൂർണ്ണ ശുചിത്വ മിഷനും ക്ലീൻ കേരള മിഷനും സംയോജിപ്പിച്ച് 2008 ജനുവരിയിൽ ശുചിത്വ മിഷന് രൂപം നൽകുകയുണ്ടായി. സംസ്ഥാന ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ള ശുചിത്വ കേരളം പദ്ധതി, നഗര ഖരമാലിന്യ പദ്ധതി, നിർമ്മൽ ഭാരത് അഭിയാൻ (NBA), ഇന്റർഗ്രേറ്റഡ് ലോ കോസ്റ്റ് സാനിട്ടേഷൻ (ILCS) എന്നീ പദ്ധതികൾ ശുചിത്വ മിഷൻ വഴിയും കേരള സുസ്ഥിരനഗരവികസന |

പദ്ധതി (KSUDP), ജവഹർലാൽ നെഹ്റു ദേശീയ നഗര നവീകരണ ദൗത്യം (JNNURM), ഇടത്തരം ചെറുപട്ടണങ്ങളുടെ നഗരസൗകര്യ വികസന പദ്ധതി (UIDSSMT), എന്നീ പദ്ധതികൾ നഗരകാര്യ വകുപ്പ് വഴിയും സംസ്ഥാനത്ത് നടപ്പാക്കി വരുന്നു. ഇവയിൽ മിക്കവയും മാലിന്യമുക്ത കേരളം പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ നേടുന്നതിന് നേരിട്ട് സഹായിക്കുന്നവയാണ്.

ഉദ്ദേശ്യലക്ഷ്യങ്ങൾ

വീടുകൾ, സ്കൂൾ, ആശുപത്രി, അംഗനവാടി എന്നിവിടങ്ങളിൽ പൂർണ്ണമായും കക്കൂസുകൾ ലഭ്യമാക്കുക.

- ഗൃഹങ്ങൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ മാലിന്യസംസ്കരണ സംവിധാനം സൗകര്യപ്പെടുത്തുക.
- ഉറവിടത്തിൽതന്നെയുള്ള തരംതിരിച്ചുള്ള സംഭരണവും, ജൈവവസ്തുക്കളുടെ ഉറവിട സംസ്കരണവും സാധ്യമാക്കുക.
- ചന്ത, ആശുപത്രി, സ്കൂൾ, തുടങ്ങിയ സ്ഥലങ്ങളിൽ വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കുക.
- മാലിന്യ സംസ്കരണത്തിനായി പൊതു മാലിന്യ സംസ്ക്കരണ സംവിധാനം സാദ്ധ്യമാക്കുക
- നിഷ്ക്രിയ മാലിന്യ നിർമ്മാർജ്ജനത്തിന് സാനിട്ടറി ലാന്റ്ഫിൽ സംവിധാനം നടപ്പിലാക്കി തുടങ്ങുക.
- ജനവാസകേന്ദ്രങ്ങൾ വൃത്തിയും വെടിപ്പുമുള്ളതുമാക്കുക.
- എല്ലാപ്രധാന നഗരകേന്ദ്രങ്ങളിലും, തീർത്ഥാടന- വിനോദ സഞ്ചാരകേന്ദ്രങ്ങളിലും, വ്യാപാര കേന്ദ്ര ങ്ങളിലും, പൊതുസ്ഥാപനങ്ങളിലും മാലിന്യം വലിച്ചെറിയുന്ന ശീലത്തിൽ മാറ്റം വരുത്തി വൃത്തിയും വെടിപ്പുമുള്ളതാക്കുക.
- ദ്രവമാലിന്യ പരിപാലനത്തിനായി ഒരു ദീർഘകാല കാഴ്ചപ്പാടോടുകൂടിയ രൂപരേഖ തയ്യാറാക്കുക.നിലവിലുള്ള സ്വീവറേജ് സംവിധാനം മൂന്നുമടങ്ങാക്കി വർദ്ധിപ്പിക്കുക.

**പ്രവർത്തനങ്ങൾ**

മാലിന്യമുക്തകേരളം എന്ന ബൃഹത്തായ കർമ്മപദ്ധതി നടപ്പിലാക്കുന്നതിന് വേണ്ട സാങ്കേതിക-ഭാഗിക സാമ്പത്തിക സഹായം

നൽകുന്നതിനും ഗ്രാമ-നഗര വ്യത്യാസ മില്ലാതെ വിവിധ ശുചിത്വഘടകങ്ങൾ സാങ്കേതിക മേന്മയോടെ നടപ്പാക്കി സംസ്ഥാനത്തിന്റെ ആരോഗ്യ-പരിസ്ഥിതി നേട്ടം മെച്ചപ്പെടുത്തുന്നതിനുമാണ് തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ ശുചിത്വ മിഷൻ രൂപീകരിച്ചിട്ടുള്ളത്. മിഷന്റെ സേവനങ്ങൾ താഴെപ്പറയുന്നവയാണ്.

- ഗ്രാമീണ മേഖലയിൽ ബി.പി.എൽ വിഭാഗത്തിൽപ്പെടുന്നവർക്കുള്ള വ്യക്തിഗത കക്കൂസ്, സ്കൂൾ ടോയ്‌ല റ്റുകൾ, അംഗനവാടി ടോയ്‌ലറ്റുകൾ, സാമൂഹ്യ ശുചിത്വ സമുച്ചയങ്ങൾ, റൂറൽ സാനിറ്ററി മാർട്ടുകൾ, സ്വയം സഹായ ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട്, ഖരദ്രവ മാലിന്യ പ്രോജക്ടു കൾ എന്നിവയ്ക്കുള്ള സാമ്പത്തിക സഹായം നൽകുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ നിർമ്മൽ ഭാരത് അഭി യാൻ പരിപാടിയുടെ നടത്തിപ്പ്.
- ഖരമാലിന്യ സംസ്കരണമുൾപ്പെടെ യുള്ള ശുചിത്വ പ്രോജക്ടുകൾ തയ്യാ റാക്കുന്നതിനുള്ള വിദഗ്ധ സാങ്കേതിക സഹായവും സാമ്പത്തിക സഹായവും നഗരസഭകൾക്കും ഗ്രാമപഞ്ചായത്തു കൾക്കും ലഭ്യമാക്കൽ
- ശുചിത്വ പ്രോജക്ടുകൾ പരിശോധിച്ച് സാങ്കേതിക അഭിപ്രായം/ അനുമതി നൽകൽ
- കേന്ദ്രാവിഷ്കൃത പദ്ധതികൾ വഴി സാമ്പത്തിക സഹായം ലഭ്യമാക്കാൻ കഴിയാത്ത നഗരപ്രദേശങ്ങളിലെ ഖരമാലിന്യ പദ്ധതികൾക്ക് സംസ്ഥാന ബഡ്ജറ്റിൽ നിന്നും ആനുപാതിക മായി സാമ്പത്തിക വിഹിതം നൽകൽ.
- ആധുനിക അറവുശാലകൾ ഉണ്ടാക്കാനുള്ള സാങ്കേതിക സഹായം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കൽ
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളിൽ ദ്രവമാലിന്യം സംസ്ക്കരണ സംവിധാനങ്ങൾ ഉണ്ടാക്കാനുള്ള സാങ്കേതിക - ഭാഗിക സാമ്പത്തിക സഹായം ലഭ്യമാക്കൽ
- മനുഷ്യവിസർജ്യത്തിന്റെ നിർമ്മാർജ്ജനം, ഖരമാലിന്യ പരിപാലനം, ദ്രവമാലിന്യ പരിപാലനം, കുടിവെള്ള സുരക്ഷാ ഗാർഹിക ശുചിത്വം, വ്യക്തി ശുചിത്വം,

പൊതുപരിസര ശുചിത്വം ഇവ ഉറപ്പാക്കുന്നതിനുള്ള വിപുലമായ പ്രചരണ-പരിശീലന പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ.

- ശുചിത്വ മേഖലയുമായി ബന്ധപ്പെട്ട ഇതര സ്ഥാപനങ്ങളുമായി/ വകുപ്പുക ളുമായി തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങളെ കൂട്ടിയോജിപ്പിക്കൽ.
- ശുചിത്വ പ്രോജക്ടുകളുടെ ഇവാല്യു വേഷൻ പഠനവും റിപ്പോർട്ടിംഗും.
- ഉറവിട മാലിന്യ സംസ്ക്കരണത്തിന് പ്രോത്സാഹനവും പ്രേരണയും സാമ്പത്തിക സഹായവും ലഭ്യമാക്കുക
- ജില്ലാതലത്തിൽ സെപ്റ്റേജ് മാനേജ്മെന്റ് യൂണിറ്റുകൾ സ്ഥാപിക്കുക.

| | |
|---|---|
| ബി) മാലിന്യമുക്ത കേരളം കർമ്മപദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് മിഷന്റെ നേതൃത്വത്തിൽ നടത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) മാലിന്യമുക്ത കേരളം പ്രചരണ പരിപാടി 02.10.2008 ൽ ആരംഭിച്ചു. ജനപ്രാതിനിധ്യത്തോടെ സ്കൂളുകൾ, ആശുപത്രികൾ, അംഗൻവാടികൾ, കോളനികൾ, മാർക്കറ്റുകൾ, പൊതുസ്ഥലങ്ങൾ എന്നിവ ശുചീകരിക്കുക, കെട്ടിക്കിടക്കുന്ന ജലം ഇല്ലായ്മചെയ്യുക, സ്വാശ്രയ ഗ്രൂപ്പുകൾ, വിദ്യാർത്ഥികൾ, തെരഞ്ഞെടുക്കപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപന പ്രതിനിധികൾ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ശുചീകരണ പ്രവർത്തനങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. നഗരപ്രദേശങ്ങളിൽ വനിതാ സാനിട്ടറി കോംപ്ളക്സുകൾ സർക്കാർ സ്കൂളുകളിൽ ശൗചാലയങ്ങൾ, അങ്കനവാടികളിൽ ശിശുസൗഹൃദ ടോയ്ലറ്റുകൾ എന്നിവ നിർമ്മിച്ചു നൽകുവാൻ സാമ്പത്തിക സഹായം നൽകിയിരുന്നു. കൂടാതെ മാലിന്യമുക്ത കേരളം പദ്ധതി പ്രകാരം പ്ലാസ്റ്റിക് ബാഗുകൾ നിരോധിക്കാനുള്ള നടപടികൾ സ്വീകരിക്കുവാൻ ഈ പരിപാടിയിലൂടെ ഉദ്ദേശിക്കുന്നു. |
| സി) ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | സി) മാലിന്യമുക്തകേരളം പദ്ധതിയിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു.<br><br>പത്രമാധ്യമങ്ങളിലൂടെയും മറ്റ് ദൃശ്യ ശ്രവ്യ മാധ്യമങ്ങളിലൂടെയും പരസ്യപ്രചരണ പ്രവർത്തനങ്ങളും മറ്റ് കാമ്പയിനുകളും നടത്തുകയും ജനങ്ങളിൽ ശുചിത്വബോധം വളർത്തിയെടുക്കാനുള്ള പ്രവർത്തനങ്ങളും പൊതുസമ്മേളനങ്ങളിലൂടെയും മറ്റ് നൂതന |

| | |
|---|---|
| | പ്രവർത്തനങ്ങളിലൂടെയും കേരളത്തിന് നിർമ്മൽ ഗ്രാമസംസ്ഥാന പുരസ്കാരം നേടുവാൻ വേണ്ട മാലിന്യമുക്തകേരളം പദ്ധതിയിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു.<br>പത്രമാധ്യമങ്ങളിലൂടെയും മറ്റ് ദൃശ്യ ശ്രവ്യ മാധ്യമങ്ങളിലൂടെയും പരസ്യപ്രചരണ പ്രവർത്തനങ്ങളും മറ്റ് കാമ്പയിനുകളും നടത്തുകയും ജനങ്ങളിൽ ശുചിത്വബോധം വളർത്തിയെടുക്കാനുള്ള പ്രവർത്തനങ്ങളും പൊതുസമ്മേളനങ്ങളിലൂടെയും മറ്റ് നൂതന പ്രവർത്തനങ്ങളിലൂടെയും കേരളത്തിന് നിർമ്മൽ ഗ്രാമസംസ്ഥാന പുരസ്കാരം നേടുവാൻ വേണ്ട നടപടികൾ സ്വീകരിക്കാനും കഴിഞ്ഞിട്ടുണ്ട്. |
| ഡി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതികൾ നടപ്പാക്കുന്നത്; വിശദമാക്കുമോ? | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ശുചിത്വമിഷനുമാണ് ഇതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നത്. |

സെക്ഷൻ ഓഫീസർ